**റൂളിംഗ്**

മി. സ്പീക്കർ: ഓർഡർ......ഓർഡർ..... ഇന്ന് സഭയുടെ മേശപ്പുറത്ത് വച്ച രേഖകളിൽ ഏതാനും രേഖകൾ വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നതായി, റീ-ലേ ചെയ്യുന്നതായി പരാമർശിച്ചിട്ടുണ്ട്. അത് പാർലമെന്റിലെയും നമ്മുടെതന്നെ സഭയുടെയും കീഴ്വഴക്കത്തിന് വിരുദ്ധമാണെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 (2) പ്രകാരം 'നിർദ്ദിഷ്ട കാലാവധി അപ്രകാരം (14 ദിവസം) പൂർത്തിയാക്കാത്ത പക്ഷം റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ പ്രസ്തുത കാലയളവ് പൂർത്തിയാകുന്നതുവരെ തൊട്ടടുത്ത സമ്മേളനത്തിലോ സമ്മേളനങ്ങളിലോ വീണ്ടും വയ്ക്കേണ്ടതാണ് ' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ S. L. Shakdher and M. N. Kaul പറയുന്നത് , ' Where the 'orders' are laid on the Table for an incomplete period during a session of the Lok Sabha and thereafter the House is dissolved, they are required to be laid afresh (not re-laid) for the complete period during the first session of the new Lok

Sabha'. പുതിയ സഭ നിലവിൽ വരുന്ന സന്ദർഭങ്ങളിൽ കേരള നിയമസഭയിലും മുൻകാലങ്ങളിൽ ഇപ്രകാരം തന്നെയാണ് കടലാസ്സുകൾ മേശപ്പുറത്ത് വച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകളുടെ പട്ടികയിൽ നിന്നും 'വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു' എന്ന പരാമർശം വന്ന ഭാഗങ്ങളിൽ നിന്ന് അവ നീക്കം ചെയ്യുന്നതായും ബഹുമാനപ്പെട്ട മന്ത്രിമാർ വയ്ക്കുന്ന മറ്റ് രേഖകളുടെ കൂട്ടത്തിൽ പ്രസ്തുത രേഖകളും പുതുതായി മേശപ്പുറത്ത് വയ്ക്കുന്നതായി പരിഗണിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യം ചൂണ്ടിക്കാണിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ചെയർ അഭിനന്ദിക്കുന്നു.